| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3070 | 13/07/2015 ൽ മറുപടിക്ക് |
| ബാർകോഴക്കേസ് | |
| ചോദ്യം | മറുപടി |
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ബാർ കോഴക്കേസിൽ ധനകാര്യമന്ത്രിയ്ക്കെതിരെ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിയമ ഉപദേശങ്ങളുടെയടിസ്ഥാനത്തിലായിരുന്നു ; | (എ) | ബാർ കോഴ കേസ്സിൽ കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ ഒരിക്കലും തീരുമാനം കൈക്കൊണ്ടിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥൻ കേസന്വേഷണത്തിനു ശേഷം സമർപ്പിച്ച വസ്തുതാവിവരണ റിപ്പോർട്ട് വിജിലൻസ് ഡയറക്ടറേറ്റിൽ പരിശോധിക്കുകയും റിപ്പോർട്ടിലെ വസ്തുതാപരവും നിയമപരവുമായ പോരായ്മകൾ ചൂണ്ടിക്കാണിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച വസ്തുതാ വിവരണ റിപ്പോർട്ടുപ്രകാരം പ്രതിയ്ക്കെതിരെ ഉന്നയിച്ച 1988 -ലെ അഴിമതി നിരോധന നിയമത്തിലെ 7, 13(1) (ഡി) r/w 13(2) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ തെളിയിക്കുന്ന യാതൊരു വസ്തുതകളും അന്വേഷണ ഉദ്യോഗസ്ഥന് ശേഖരിക്കുവാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ വസ്തുതാപരവും നിയമപരവുമായ പരിശോധനയിൽ തെളിവായ വസ്തുതകളുടെ വെളിച്ചത്തിൽ പരിശോധന നടത്തി കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാനാണ് അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയത്. അതല്ലാതെ കോടതി മുമ്പാകെ പ്രത്യേകമായി എന്തെങ്കിലും നിഷ്കർഷിച്ച് ആ രീതിയിലുള്ള അന്തിമ റിപ്പോർട്ട് നൽകണമെന്ന് ഒരിക്കലും നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | നിയമോപദേശം വാങ്ങിയ ഇനത്തിൽ ആർക്കെല്ലാം എത്ര തുക വീതം ഫീസ് നൽകേണ്ടതായിവരും ; വിശദമാക്കാമോ ; ഫീസ് നൽകുന്നത് ആരായിരിക്കും ; ഏത് ഹെഡ്ഡിൽ നിന്നായിരിക്കും ; | (ബി) | നിയമോപദേശം നൽകിയ വകയിൽ സുപ്രീകോടതി അഭിഭാഷകരായ ശ്രീ.മോഹൻ പരാശരൻ, ശ്രീ. എൻ.നാഗേശ്വരറാവു എന്നിവർക്ക് ഫീസ് നൽകേണ്ടിവരും. ടിയാന്മാരുടെ ബിൽ കിട്ടുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ് ഏതാണെന്ന് പരിശോധിച്ച് ഫീസ് നൽകേണ്ടിവരും. |
| (സി) | സുപ്രീംകോടതിയിലെ അഭിഭാഷകനായ അഡ്വ.എൽ.നാഗേശ്വർ റാവുവിൽ നിന്നും നിയമോപദേശം വാങ്ങുകയുണ്ടായോ; നിയമോപദേശത്തന് ഇദ്ദേഹത്തെ സമീപിയ്ക്കാൻ കാരണം എന്തായിരുന്നു ; ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു ; ഇദ്ദേഹത്തിനു എന്തു തുക ഫീസ് നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ബാർ കോഴയുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട നിയമ വിദഗ്ദരുടെ ഉപദേശം തേടേണ്ട എന്നും സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ, അറ്റോർണി ജനറൽ ഓഫ് ഇന്ത്യ എന്നിവരുടെ നിയമോപദേശം തേടാമെന്നും വിജിലൻസ് ഡയറക്ടർ തന്നെയാണ് തീരുമാനിച്ചത്. ബാർ കോഴ കേസ്സ് പോലെ പൊതുജന ശ്രദ്ധയാകർഷിച്ച കേസ്സിൽ സംസ്ഥാനത്തുള്ളവരുടെ നിയമോപദേശം തേടിയാൽ അതിന്റെ വിശ്വസനീയത ചോദ്യം ചെയ്യപ്പെടുമെന്ന് ഉള്ളതിനാലും ടി കേസ് സംബന്ധമായി പല നിയമ പ്രശ്നങ്ങളും ഭാവിയിൽ വരാൻ സാദ്ധ്യതയുണ്ടെന്നും മനസ്സിലാക്കിയാണ് വിജിലൻസ് ഡയറക്ടർ ഇത്തരം ഒരു തീരുമാനം എടുത്തത്. മുകളിൽ പറഞ്ഞവരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാലാണ് സുപ്രീം കോടതിയിലെ പ്രമുഖ അഭിഭാഷകരായ ശ്രീ.മോഹൻ പരാശരൻ, (മുൻ സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ)ശ്രീ. എൻ.നാഗേശ്വരറാവു (മുൻ അഡീഷണൽ സൊളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ) എന്നിവരുടെ നിയമോപദേശം തേടിയത്. ടി അഭിഭാഷകരുടെ ബിൽ ലഭിക്കുന്ന മുറയ്ക്ക് ആയതു പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ